218GH/18

## വകുപ്പുതല കണക്കു പരിശോധനാ റിപ്പോർട്ട്
## പരപ്പ ബ്ലോക്ക് പട്ടികജാതി വികസന ആഫീസ്, കാസർഗോഡ് ജില്ല

| | | | |
|---|---|---|---|
| 1. | പരിശോധനാ തീയതി | : | 10.09.2018 മുതൽ 15.09.2018 വരെ |
| 2. | പരിശോധനാ കാലയളവ് | : | 07.2011 മുതൽ 31.03.2018 വരെ |
| 3. | പരിശോധനാ വിഭാഗം | : | ഫിനാൻസ് ഡി വിഭാഗം |
| 4. | പരിശോധനാ ടീമിൽ പങ്കെടുത്തവർ | : | |
| | സീനിയർ സൂപ്രണ്ട് | : | കെ.എസ്. സുദർശനൻ ആചാരി |
| | സീനിയർ ക്ലാർക്ക് | : | എം.എ. നിദീഷ് |

## പരിശോധനാ കാലയളവിൽ ചുമതലയിലുണ്ടായിരുന്ന ഉദ്യോഗസ്ഥർ

| | പേര് | | ചുമതല വഹിച്ച കാലയളവ് |
|---|---|---|---|
| 1. | ശ്രീ.കെ. സുന്ദരൻ | : | 07.11 മുതൽ 19.12.2012 വരെ |
| 2. | ശ്രീ. എ.വേണു | : | 20.12.12 മുതൽ 04.07.2013 വരെ |
| 3. | ശ്രീമതി. കൈരളി | : | 05.07.2013 മുതൽ 07.04.2014 വരെ |
| 4. | ശ്രീ. സുകുമാരൻ | : | 08.04.14 മുതൽ 18.06.14 വരെ |
| 5. | ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള | : | 19.06.14 മുതൽ 19.11.2015 വരെ |
| 6. | ശ്രീ.എ. വേണു | : | 10.11.2015 മുതൽ 04.01.2016 വരെ |
| 7. | ശ്രീ. ഷെൽവിൻ ജോസഫ് പെരേര | : | 05.01.2016 മുതൽ 27.06.2016 വരെ |
| 8. | ശ്രീ. എം. സതീഷ് കുമാർ | : | 28.06.2016 മുതൽ 01.07.2016 വരെ |
| 9. | ശ്രീ.ഗിരീഷ് കുമാർ | : | 02.07.2016 മുതൽ 10.11.2016 വരെ |
| 10. | ശ്രീ.എം. സതീഷ്കുമാർ | : | 11.11.2016 മുതൽ 30.03.2016 വരെ |
| 11. | ശ്രീമതി. വി.ബിന്ദു | : | 31.03.17 മുതൽ 04.01.18 വരെ |
| 12. | ശ്രീ. തിരുമലേഷ്.പി.കെ | : | 04.01.2018 മുതൽ 27.01.2018 വരെ |
| 13. | ശ്രീ. അസൈതാർ | : | 27.01.2018 മുതൽ തുടരുന്നു. |

| ക്രമ നം. | ആഡിറ്റ്ഖണ്ഡിക നം. | ആഡിറ്റിലെ തടസ്സവാദങ്ങൾ | സ്വീകരിച്ച നടപടി | ആഡിറ്റ് പരാമർശ പ്രകാരം തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം | ബാദ്ധ്യത നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗികനാമം. പെൻ നം | വകുപ്പുമേധാവിയുടെ അഭിപ്രായ കുറിപ്പ് |
|---|---|---|---|---|---|---|
| ആമുഖം | I | **വകുപ്പ്തല കണക്കു പരിശോധന**<br><br>പരപ്പ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് 2011 ജൂലൈ മാസത്തിലാണ് പ്രവർത്തനം ആരംഭിച്ചത്. 2015 ആഗസ്റ്റ് മാസം വരെ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. 2015 സെപ്തംബർ മുതൽ പരപ്പ ബ്ലോക്ക് പഞ്ചായത്ത് ആഫീസ് കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു.<br><br>ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിന്റെ പ്രവർത്തനം ആരംഭിച്ചതു മുതൽ നാളിതുവരെ അക്കൗണ്ടന്റ് ജനറലിന്റേയോ വകുപ്പിലെ ആഭ്യന്തര പരിശോധനാ വിഭാഗത്തിന്റേയോ പരിശോധന നടന്നിട്ടില്ല<br><br>ബ്ലോക്ക് പരിധിയിലെ ഏഴു ഗ്രാമ പഞ്ചായത്തുകളിലെ 502 കുടുംബങ്ങളിലായി 868 പുരുഷന്മാരും 968 സ്ത്രീകളും ഉൾപ്പെടെ ആകെ 1836 പട്ടികജാതി വിഭാഗക്കാർ ഉണ്ട്. വൈദ്യുതീകരിക്കാത്ത സങ്കേതങ്ങൾ ബ്ലോക്ക് പരിധിയിൽ ഇല്ല. കുടിവെള്ളത്തിനു പദ്ധതികൾ ·നടപ്പാക്കിയിട്ടില്ലാത്ത ഒരു സങ്കേതം ബ്ലോക്ക് പരിധിയിൽ ഉണ്ട്. ബ്ലോക്ക് പരിധിയിൽ 47 ഭൂരഹിത, ഭവനരഹിതരും 21 ഭവനരഹിതരും ഉണ്ട്. പട്ടികജാതി വിഭാഗങ്ങളിലെ പൊതുവായ പ്രശ്നങ്ങൾ ഇവിടെയും ഉണ്ട്. | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | വകുപ്പ് ഡയറക്ടറുടെ 31.01.2013 ലെ എസ്സാ എ4 30051/12 നമ്പർ ഉത്തരവു പ്രകാരം പരപ്പ ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ ആയിരുന്ന ശ്രീ.കെ , സുന്ദരനെ സസ്പെൻഡ് ചെയ്യുകയും 26.10.2016 ലെ എസ്സാ എ4 30051/12 പ്രകാരം ടിയാനെതിരെയുള്ള നടപടി അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടിയാനെ സസ്പെൻഷനോടനുബന്ധിച്ച് വെള്ളരിക്കുണ്ട് പോലീസിൽ ക്രൈം 14/2013 ആയി കേസ് രജിസ്റ്റർ ചെയ്യുകയും ആയതിന്റെ വിചാരണ നടപടികൾ ഹോസ്ദുർഗ്ഗ ജെ.എഫ്.സി.എം II കോടതിയിൽ പുരോഗതിയിലാണ്. ആയതിലേയ്ക്കായി 2011 ജൂലൈ മുതൽ 20.12.2012 വരെയുള്ള ക്യാഷ്ബുക്കും, ഹാജർ പുസ്തകവും സമർപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് 21.12.2012 മുതലുള്ള ക്യാഷ്ബുക്കും അനുബന്ധ രേഖകളുമാണ് ഈ പരിശോധനാ വേളയിൽ പരിശോധിച്ചിട്ടുള്ളത്. ഓഡിറ്റിനോടനുബന്ധിച്ച് സീനിയർ ഫിനാൻസ് ഓഫീസർ ശ്രീ. എം. മുഹമ്മദ് ഹാരിസിന്റെ നേതൃത്വത്തിൽ രാജപുരം പ്രീമെട്രിക് ഹോസ്റ്റൽ, ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ ഗുണഭോക്താക്കളായ<br><br>1. ശ്രീ. അശോക് കുമാർ, എടാട്ട് കടവിൽ, കാലിച്ചനടുക്കം. പി.ഒ (2016-17)<br>2. ശ്രീമതി. ബിന്ദു രാജു, അയോർപ്പള്ളം, ചുള്ളിയോട്,മാലക്കല്. പി.ഒ (2017-18)<br>3. ശ്രീമതി. പൊന്നമ്മ, ക്ലായിക്കോട്ട്, പരപ്പ.പി.ഒ (2017-18)<br><br>എന്നിവരുടെ ഭവനങ്ങൾ സന്ദർശിച്ചു. ഇവരുടെ ഭവന നിർമ്മാണം പുരോഗതിയിലാണ്. ഭവന നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. (പരിശോധനാ റിപ്പോർട്ടുകൾ അനുബന്ധിച്ചു ചേർക്കുന്നു.) | | | | |

## പട്ടികജാതി വികസന വകുപ്പ് ഫിനാൻസ് ഓഫീസറുടെ രാജപുരം ഗവ. പ്രീമെട്രിക് ഹോസ്റ്റൽ സന്ദർശനം (12.09.2018)

പരപ്പ, ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെട്ട കള്ളാർ ഗ്രാമ പഞ്ചായത്തിലെ രാജപുരത്ത്, പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്ന ആൺകുട്ടികളുടെ ഗവ. പ്രീമെട്രിക് ഹോസ്റ്റൽ 12.09.2018 ന് പട്ടികജാതി വികസന വകുപ്പ് ഫിനാൻസ് ഓഫീസർ സന്ദർശിച്ചു. 40 കുട്ടികളെ താമസിപ്പിക്കുവാൻ സൗകര്യമുള്ള ഹോസ്റ്റലിൽ നിലവിൽ 37 കുട്ടികൾ താമസിച്ചു പഠനം നടത്തിവരുന്നു. എല്ലാ കുട്ടികളും രാജപുരം ഹോളിഫാമിലി ഹയർ സെക്കന്ററി സ്കൂളിലാണ് പഠിക്കുന്നത്. കുട്ടികൾക്ക് വിവിധ വിഷയങ്ങളിൽ ട്യൂഷൻ നൽകുന്നതിന് ഹൈസ്കൂൾ വിഭാഗത്തിൽ 6-ഉം യു.പി വിഭാഗത്തിൽ 3-ഉം ട്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്. ഭക്ഷണാവശ്യങ്ങൾക്കുള്ള സാധനങ്ങൾ കോഴിക്കോട് NMDC എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങുന്നത്. അരിപ്പൊടി ഒഴികെയുള്ള മറ്റു സാധനങ്ങളെല്ലാം നല്ല ക്വാളിറ്റി ഉള്ളതാണെന്ന് കുക്ക് അറിയിച്ചു. ആകെയുള്ള 37 അന്തേവാസികളിൽ പട്ടികജാതിയിൽപ്പെട്ട 9 കുട്ടികളും പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 28 കുട്ടികളും ഉൾപ്പെടുന്നു. അന്തേവാസികളുടെ ക്ലാസ്സ് തിരിച്ചുള്ള കണക്ക്:-

V - ാം ക്ലാസ്സ്- 4 വിദ്യാർത്ഥികൾ
VI - ാം ക്ലാസ്സ്- 5 വിദ്യാർത്ഥികൾ
VII - ാം ക്ലാസ്സ്- 8 വിദ്യാർത്ഥികൾ
VIII - ാം ക്ലാസ്സ്- 3 വിദ്യാർത്ഥികൾ
IX - ാം ക്ലാസ്സ്- 10 വിദ്യാർത്ഥികൾ
X - ാം ക്ലാസ്സ്- 6 വിദ്യാർത്ഥികൾ
Plus one - 1 വിദ്യാർത്ഥി (പ്രത്യേക ഉത്തരവ് പ്രകാരം)

സന്ദർശന സമയത്ത് ഹോസ്റ്റലിൽ വാർഡൻ (എംപ്ലോയ്മെന്റ്) കുക്ക്, വാച്ച്മാൻ, ട്യൂട്ടർമാർ എന്നിവർ ഹാജരുണ്ടായിരുന്നു. ഹോസ്റ്റൽ കോമ്പൗണ്ടിൽ മൊത്തം ഇന്റർലോക്ക് പാകുന്നതിനും മറ്റ് അറ്റകുറ്റ

| | | | | | | |
|---|---|---|---|---|---|---|
| | | പണികൾക്കുമായി പരപ്പ ബ്ലോക്ക് പഞ്ചായത്ത് മെയിന്റനൻസ് ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും ടി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ അറിയിച്ചു.<br>ഹോസ്റ്റലിന്റെ പ്രവർത്തനം തൃപ്തികരമായി നടക്കുന്നു.<br>കാസർഗോഡ് ജില്ലയിലെ പരപ്പ ബ്ലോക്ക് പരിധിയിൽപ്പെട്ട കോടാം ബേളൂർ ഗ്രാമപഞ്ചായത്തിലെ IX-ാം വാർഡിൽ താമസിക്കുന്ന ശ്രീ. അശോക് കുമാർ എടാട്ട് കടവിൽ, കാലിച്ചാനടുക്കം. പി.ഒ എന്ന ഗുണഭോക്താവ് പണിതുകൊണ്ടിരിക്കുന്ന വീട് 12.09.2018 ന് പട്ടികജാതി വികസന വകുപ്പ് ഫിനാൻസ് ഓഫീസർ സന്ദർശിച്ചു. 2016-17 വർഷം വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി ലഭിച്ച ശ്രീ. അശോക് കുമാർ 2017-18 വർഷം പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതിയിലെ ഗുണഭോക്താവായി തെരെഞ്ഞെടുക്കപ്പെട്ടു. ശ്രീ. അശോക് കുമാറിന് ഒന്നാം ഗഡുവായി 60,000/- രൂപയും രണ്ടാം ഗഡുവായി 1,20,000/- രൂപയും മൂന്നാം ഗഡുവായി 1,60,000/- രൂപയും ഉൾപ്പെടെ മൊത്തം 3,40,000/- രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് നിശ്ചിത ഘട്ടങ്ങൾ പൂർത്തിയാക്കിയ വീടിന്റെ വാർപ്പ് പണി പൂർത്തിയാക്കിയിട്ടുണ്ട്. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന വീടിനടുത്തുള്ള താല്കാലിക ഷെഡ്ഡിൽ കുടുംബ സമേതം താമസിച്ചു വരുന്ന ശ്രീ. അശോക് കുമാറിന് അവസാന ഗഡുവായ 60,000/- രൂപയാണ് ഇനി വകുപ്പിൽ നിന്നും നൽകാൻ ബാക്കിയുള്ളത്.<br>കാസർഗോഡ് ജില്ലയിലെ പരപ്പ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെട്ട കള്ളാർ ഗ്രാമപഞ്ചായത്തിലെ VI-ാം വാർഡിൽ താമസിക്കുന്ന ശ്രീമതി ബിന്ദുരാജു, അരയാർപള്ളം, ചുള്ളിയോട്, മാലക്കല്ല്. പി.ഒ എന്നിവർ പണിതുകൊണ്ടിരിക്കുന്ന വീട് പട്ടികജാതി വികസന വകുപ്പ് ഫിനാൻസ് ഓഫീസർ 12.09.2018 ന് സന്ദർശിച്ചു. | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | 2015-16 വർഷം വകുപ്പ് മുഖേന ഭൂമി ലഭിച്ച ശ്രീമതി. ബിന്ദു രാജു, 2017-18 വർഷം പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതിയിലെ ഗുണഭോക്താവായി തെരെഞ്ഞെടുക്കപ്പെട്ടു. ശ്രീമതി ബിന്ദു രാജുവിന് ഒന്നാം ഗഡുവായി 60,000/- രൂപയും രണ്ടാം ഗഡുവായി 1,20,000/- രൂപയും മൂന്നാം ഗഡുവായി 1,60,000/- രൂപയും ഉൾപ്പെടെ മൊത്തം 3,40,000/- രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് ഘട്ടം ഘട്ടമായി വീട് പണി പൂർത്തിയാക്കി വരുന്നുണ്ട്. അവസാനമായി ലഭിച്ച മൂന്നാം ഗഡുവായ 1,60,000/- രൂപ ഉപയോഗിച്ച് വീട് വാർക്കുന്നതിനാവശ്യമായ കമ്പിയും മറ്റും ഇറക്കിയിട്ടുണ്ട്. അവസാന ഗഡുവായ 60,000/- രൂപയാണ് ശ്രീമതി. ബിന്ദു രാജുവിന് വകുപ്പിൽ നിന്നും നൽകാൻ ബാക്കിയുള്ളത്.<br>കാസർഗോഡ് ജില്ലയിലെ പരപ്പ ബ്ലോക്ക് പരിധിയിൽപ്പെട്ട കോടോം-ബേളൂർ പഞ്ചായത്തിലെ X-ാം വാർഡിൽ താമസിക്കുന്ന ശ്രീമതി. പൊന്നമ്മ ക്ലായിക്കോട്, പരപ്പ. പി.ഒ എന്നവർ പണിതുകൊണ്ടിരിക്കുന്ന വീട് 12.09.2018 ന് പട്ടികജാതി വികസന വകുപ്പ് ഫിനാൻസ് ഓഫീസർ സന്ദർശിച്ചു. ശ്രീമതി പൊന്നമ്മയുടെ പേരിലുള്ള സ്ഥലത്താണ് 2017-18 വർഷം വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം ലഭിച്ച വീട് പണിതു വരുന്നത്. ശ്രീമതി പൊന്നമ്മയ്ക്ക് ഒന്നാം ഗഡുവായി 60,000/- രൂപയും, രണ്ടാം ഗഡുവായി 1,20,000/- രൂപയും, മൂന്നാം ഗഡുവായി 1,60,000/- രൂപയും ഉൾപ്പെടെ മൊത്തം 3,40,000/- രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് ഭവന നിർമ്മാണത്തിന്റെ നിശ്ചിത ഘട്ടങ്ങൾ പൂർത്തിയാക്കിയ ശ്രീമതി. പൊന്നമ്മയ്ക്ക് അവസാന ഗഡുവായ 60,000/- രൂപയാണ് നൽകാൻ ബാക്കിയുള്ളത്. വീടിന്റെ വാർപ്പ് പണി പൂർത്തിയാക്കിയിട്ടുണ്ട്. | | | | |

| | | | | | | |
|---|---|---|---|---|---|---|
| | 11 | **ക്യാഷ് ബുക്ക്/ബിൽബുക്ക്**<br>1. 11.07.2011 മുതൽ 18.12.2012 തീയതി വരെയുള്ള ടി ഓഫീസിലെ ക്യാഷ്ബുക്കുകൾ ബഹു. ഹോസ്ദുർഗ്ഗ് മജിസ്ട്രേറ്റ് ഫസ്റ്റ് ക്ലാസ്സ് കോടതി മുമ്പാകെ CR 1741/13 കേസുമായി ബന്ധപ്പെട്ട് 17.05.2018 ന് സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. 21.12.2012 മുതലുള്ള ക്യാഷ് ബുക്കുകൾ ആണ് പരിശോധനയ്ക്ക് ലഭിച്ചിട്ടുള്ളത്. 21.12.2012 ന് 1,42,000/- രൂപ ക്യാഷ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് കാണുന്നു.<br>2. എല്ലാ വരവ് /ചെലവുകളും ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതാണ് എന്നിരിക്കെ ടി ഓഫീസിലെ ക്യാഷ്ബുക്കുകൾ അപ്രകാരം പരിപാലിക്കുന്നതായി കാണുന്നില്ല.<br>ഉദാ. ക്യാഷ്ബുക്ക് Vol. No.1 ന്യൂനത പരിഹരിക്കേണ്ടതാണ്.<br>3. CB-32/12-13 തീയതി 14.12.2012 പ്രകാരം 17,500/- രൂപ മാറിയിട്ടുള്ളതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ വരവ് കാണിച്ചിട്ടുള്ളതായി കാണുന്നില്ല. വിശദീകരിക്കേണ്ടതാണ്.<br>4. CB-57/12-13 തീയതി 27.03.2013 പ്രകാരം 1,37,500/- രൂപയുടെ ബിൽ സമർപ്പിച്ചതായി കാണുന്നു. എന്നാൽ ട്രഷറി ഓഫീസർ 1,37,000/- രൂപ മാത്രം പാസാക്കിയിട്ടുള്ളതായി കാണുന്നു. ന്യൂനത പരിഹരിക്കേണ്ടതാണ്.<br>5. ബിൽ ബുക്കിൽ ബിൽ നമ്പരിനൊപ്പം ബിൽ Particulars രേഖപ്പെടുത്തുന്നതായി കാണുന്നില്ല.<br>ഉദാ. 2014-15 ബിൽ ബുക്ക് പേജ് നമ്പർ 6 മുതൽ പേജുകൾ ന്യൂനത പരിഹരിക്കേണ്ടതാണ്.<br>6. ക്യഷ് ബുക്കിൽ മാസാന്ത്യ നിക്കിയിരിപ്പ് സംക്ഷിപ്തം രേഖപ്പെടുത്തുന്നതായി കാണുന്നില്ല. പ്രത്യേകിച്ച് സാമ്പത്തിക വർഷാവസാനത്തെ നീക്കിയിരിപ്പ് സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല. ആയത് ശരിയായ | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | നടപടി അല്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.<br>7. എല്ലാ പ്രവർത്തി ദിവസങ്ങളിലെയും സാമ്പത്തിക ഇടപാടുകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. സാമ്പത്തിക ഇടപാടുകൾ ഇല്ലാത്ത ദിവസങ്ങളിൽ ഈ വിവരം രേഖപ്പെടുത്തേണ്ടതുമാണ് എന്നിരിക്കെ അപ്രകാരം ക്യാഷ്ബുക്ക് പരിപാലിക്കുന്നതായി കാണുന്നില്ല. ഉദാഹരണത്തിന് 06.10.2016 ന് ശേഷം 27.10.2016 തീയതിയിലെ കണക്കുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദീകരണം നൽകേണ്ടതാണ്.<br>8. ക്യാഷ്ബുക്ക്, അക്വിറ്റൻസ് റോൾ, ഷെഡ്യൂൾ തുടങ്ങിയവയിൽ ഒരു സർക്കാർ ഉദ്യോഗസ്ഥൻ വൈറ്റ്നർ ഉപയൊഗിച്ച് മായ്ച്ചു കളയൽ (erasure) നടത്തുവാൻ പാടില്ലാത്തതാകുന്നു. എന്നിരിക്കെ ടി ഓഫീസിലെ ടി ഓഫീസിലെ ക്യാഷ്ബുക്കിൽ 10.11.16, 11.11.16 എന്നീ തീയതി കളിലെ രേഖപ്പെടുത്തലുകളിൽ വൈറ്റ്നർ ഉപയോഗിച്ച് മായ്ച്ച് കളഞ്ഞിട്ടുള്ളതായി കാണുന്നു. തെറ്റു തിരുത്തേണ്ടതായി വന്നാൽ ആയത് വെട്ടി ചുവന്ന മഷിയിൽ ശരി രേഖപ്പെടുത്തി ഓഫീസ് മേധാവി തീയതിയോടുകൂടി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ടി ഓഫീസിലെ ക്യാഷ്ബുക്ക് മേൽ പ്രകാരം പരിപാലിക്കുന്നതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.<br>9. ബിൽബുക്കിൽ കോളം നമ്പർ ആറിൽ ഒപ്പിനോടൊപ്പം ബിൽ സമർപ്പിച്ച തീയതി കൂടി രേഖപ്പെടുത്തേണ്ടതാണ്. എന്നിരിക്കെ അപ്രകാരം ബിൽബുക്ക് പരിപാലിക്കുന്നില്ല.<br>ഉദാ. 2016-17 ബിൽബുക്ക് പേജ് നമ്പർ 21,22,23<br>10. താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം മാറിയ തുകകൾ ക്യാഷ്ബുക്കിൽ വരവ് കാണിച്ചിട്ടുള്ളതായി കാണുന്നില്ല. | | | | |

| ക്രമ നം | ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|
| 1. | CB-27/14-15 | 12.01.2015 | 28,000/- |
| 2. | CB-28/14-15 | 12.01.2015 | 11,200/- |
| 3. | EB-62/14-15 | 13.01.2015 | 9,235/- |
| 4. | CB/17-18 (നമ്പർ വ്യക്തമല്ല) | 18.11.2017 | 10,000/- |

**അക്വിറ്റൻസ് (സ്റ്റാഫ്)**

1. PB No.2/11-12 തീയതി 04.11.11 ബിൽ പ്രകാരം സാലറി ഇനത്തിൽ തേർച്ച ചെയ്ത 13645/- രൂപ ശ്രീ. കെ.സുന്ദരൻ കൈപ്പറ്റിയതായി കാണുന്നു. എന്നാൽ സ്റ്റാമ്പ് ഒട്ടിച്ചിട്ടുള്ളതായി കാണുന്നില്ല. വിശദീകരിക്കേണ്ടതാണ്.
2. Rule 432 (d) of KTC Vol.1 പ്രകാരം സാക്ഷ്യപത്രം രേഖപ്പെടുത്തി ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല. ഉദാ. അക്വിറ്റൻസ് Vol.1,2
3. EB-16/14-15 തീയതി 02.08.2014 പ്രകാരം 40543/- രൂപ മാറി വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. ടി തുകയിൽ 6714/- രൂപ മെസ് റിക്കവറിയ്ക്ക് ശേഷം ശേഷിക്കുന്ന 33829/- രൂപ മാത്രം ചെലവ് കാണിച്ചിരിക്കുന്നു. അതായത് ടി ദിവസത്തെ, ക്യാഷ്ബുക്കിലെ ക്ലോസിംഗ് ബാലൻസിൽ 10 രൂപയുടെ വ്യത്യാസമുള്ളതായി കാണുന്നു. ആയത് എപ്രകാരം ക്യാഷ്ബുക്കിൽ ക്രമീകരിച്ചു എന്ന് വ്യക്തമാക്കേണ്ടതാണ്.

| | | | | | | |
|---|---|---|---|---|---|---|
| | | 4. രജിസ്റ്റർ പ്രകാരം EB-61/16-17 തീയതി 22.12.2016 പ്രകാരം 19,989/- രൂപ മാറി വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ 22.12.2016 ന് 11,989/- രൂപ ചെലവ് കാണിച്ചിരിക്കുന്നു. വിശദീകരണം നൽകേണ്ടതാണ്. | | | | |
| | | **അക്വിറ്റൻസ് (പ്രൊമോട്ടർ)**<br>1. ഒരു ബിൽ പ്രകാരമുള്ള തുക വ്യത്യസ്ത തീയതികളിൽ വിതരണം ചെയ്യുന്ന സാഹചര്യത്തിൽ തുക വിതരണ സംക്ഷിപ്തം രേഖപ്പെടുത്തേണ്ടതാണ്.<br>2. CB-27/14-15 തീയതി 12.01.2015 പ്രകാരം മാറിയ28,000/- രൂപയുടെ വിതരണം രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ക്യാഷ്ബുക്കിൽ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. വിശദീകരിക്കേണ്ടതാണ്.<br>3. 2016-17 മുതൽ ബാങ്ക് അക്കൗണ്ട് മുഖേന തുക വിതരണം നടത്തി വരുന്നു. ആയതിനാൽ സ്പാർക്കിൽ നിന്നും credit Confirmation Data യുടെ Print out രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. | | | | |
| | | **അക്വിറ്റൻസ് (അപ്രന്റീസ് ക്ലാർക്ക്)**<br>1. രജിസ്റ്ററിൽ തുക കൈപ്പറ്റുന്ന ജീവനക്കാർ തീയതി രേഖപ്പെടുത്തുന്നില്ല. ബിൽ നമ്പർ, തീയതി രേഖപ്പെടുത്തുന്നില്ല. കൂടാതെ ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.<br>2. രജിസ്റ്റർ അശ്രദ്ധയോടെ പരിപാലിക്കുന്നതായി കാണുന്നു. ബിൽ നമ്പറിന് പകരം PB/328/16 എന്ന ഫയൽ നമ്പരാണ് രേഖപ്പെടുത്തുന്നത്. ടി രജിസ്റ്റർ ക്യാഷ്ബുക്കുമായി ഒത്തുനോക്കുവാൻ കഴിയാത്തവിധം അപൂർണ്ണമാണ്. ആയതിനാൽ ടി രജിസ്റ്ററിലെ തുക വിതരണം സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ് | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | **ചലാൻഫയൽ**<br>1. ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ ട്രഷറിയിൽ ഒടുക്കിയിട്ടുള്ള തുക സംബന്ധിക്കുന്ന ചെലാനുകൾ ക്യാഷ്ബുക്കിൽ ഒട്ടിച്ചു സൂക്ഷിച്ചു വരുന്നു. പ്രത്യേക ചലാൻ ഫയൽ പരിപാലിക്കുന്നുണ്ടെങ്കിലും ആയതിൽ വിവിധ സ്കൂൾ മേധാവികൾ ട്രഷറിയിൽ തിരിച്ചടച്ചിട്ടുള്ള ചെലാനുകൾ മാത്രമാണ് സൂക്ഷിച്ചു വരുന്നത്. ആയത് ശരിയായ നടപടിയല്ല. ചലാനുകൾ ക്രമമായ പ്രത്യേക ഫയലിൽ സൂക്ഷിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. | | | | |
| | | **TR-5 /സ്റ്റോക് രജിസ്റ്റർ**<br>1. TR-5 പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയത് കണ്ടെത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.<br>**CRDR**<br>പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. രജിസ്റ്റർ ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ് | | | | |
| | | **അക്വിറ്റൻസ് രജിസ്റ്റർ (വിവാഹ ധനസഹായ പദ്ധതി)**<br>1. രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല.<br>2. തുക വിതരണം ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. | | | | |
| | | **അക്വിറ്റൻസ് രജിസ്റ്റർ (ഭൂരഹിത പുനരധിവാസ പദ്ധതി)**<br>1. രജിസ്റ്റർ ബ്ലോക്ക് പട്ടികജാതി വിക്സന ആഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല. ബിൽ നമ്പർ, തീയതി, വിതരണം ചെയ്ത തീയതി, തുടങ്ങിയ ബിൽ സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. ഗുണഭോക്താവ് തുക കൈപ്പറ്റുന്നതായി ഒപ്പിടുമ്പോൾ തീയതി രേഖപ്പെടുത്തുന്നില്ല.ഉദാ.2012-13,2013-14 രജിസ്റ്റർ.<br>ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | 2. ഓർഡർ നമ്പർ 216/16 തീയതി 16.02.2017 പ്രകാരം 2016-17 വർഷം മാറിയ 3,75,000/- രൂപ ശ്രീമതി. ലത.സി, ചക്ലിയ കോളനി, ചാത്തോത്ത് എന്ന ഗുണഭോക്താവിന് വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ ആയതിന്റെ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.<br><br>3. 2017-18 വർഷം രണ്ട് ഗുണഭോക്താക്കൾക്ക് 3,75,000/- രൂപ വീതം വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ബിൽ നമ്പർ, തുക ,തീയതി, വിതരണം ചെയ്ത തീയതി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ടി തുക വിതരണം പരിശോധിച്ച് നിജസ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതാണ്. | | | | |
| | | **അക്വിറ്റൻസ് രജിസ്റ്റർ (വൃത്തിഹീന തൊഴിലാളികൾ)**<br>1. CB-32/12-13 പ്രകാരം ടി പദ്ധതിയിനത്തിൽ മാറിയ 17,500/- രൂപയുടെ വിതരണത്തിൽ 500/- രൂപ അവശേഷിക്കുന്നതായി കാണുന്നു. എന്നാൽ ടി തുക ട്രഷറിയിൽ തിരിച്ചടച്ചതായി കാണുന്നില്ല.വിശദീകരണം നൽകേണ്ടതാണ്. | | | | |
| | | **അക്വിറ്റൻസ് രജിസ്റ്റർ(മിശ്രവിവാഹ ധനസഹായ പദ്ധതി)**<br>1. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.ഗുണഭോക്താക്കൾ ഒപ്പിടുമ്പോൾ തീയതി രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ നടത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. | | | | |

**അക്വിറ്റൻസ് രജിസ്റ്റർ(ലംപ്സംഗ്രാന്റ്)**

1. താഴെപ്പറയുന്ന സ്കൂളുകൾക്ക് ലംപ്സം ഗ്രാന്റ് അനുവദിച്ചതിന്റെ രശീതി ലഭ്യമായിട്ടില്ല. ആയത് കണ്ടെത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ക്രമ നം | സ്കൂളിന്റെ പേര് | തീയതി | തുക |
|---|---|---|---|
| 1 | GHS Chamundikkunnu | 25.08.2015 | 750 |
| 2 | GLPS, Chullikkara | 16.06.2014 | 500 |

III

## വിവിധ പദ്ധതികൾ

**ഭൂരഹിത പുനഃരധിവാസ പദ്ധതി**

ഭൂരഹിത പുനഃരധിവാസ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2011-12 | ഇല്ല | ഇല്ല |
| 2012-13 | 13 | 19,50,000 |
| 2013-14 | 1 | 1,50,000 |
| 2014-15 | ഇല്ല | ഇല്ല |
| 2015-16 | ഇല്ല | ഇല്ല |
| 2016-17 | 5 | 18,75,000 |
| 2017-18 | 2 | 7,50,000 |
| ആകെ | 21 | 47,25,000 |

1. പദ്ധതിയുടെ സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള രജിസ്റ്ററും ഫയലുകളും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് അക്വിറ്റൻസ് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. അപേക്ഷകളും വർഷാടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടില്ല. കരാർ ഉടമ്പടി കൂടുതൽ അപേക്ഷകരിൽ നിന്നും എഴുതി വാങ്ങു

കയോ അപേക്ഷയോടൊപ്പം ചേർത്തു സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

2. വസ്തു ഉടമകൾ പട്ടികജാതി വികസന ഓഫീസർക്കു ഗുണഭോക്താവിന്റെ പേരിൽ പദ്ധതി നിർദ്ദേശങ്ങൾക്കു വിധേയമായി വസ്തു രജിസ്റ്റർ ചെയ്തു നൽകുന്നതിനു സമ്മതം ആണെന്നുള്ളതു സംബന്ധിച്ച ഒരു സമ്മതപത്രം മുൻകൂറായി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കുമ്പോൾ ഗുണഭോക്താവിനെക്കൂടി ബോദ്ധ്യപ്പെടുത്തി വസ്തു ഉടമയ്ക്കു വസ്തു വില നൽകണം എന്നാണു പദ്ധതി നടത്തിപ്പിൽ നിർദ്ദേശിച്ചിട്ടുള്ളത്. പദ്ധതി സംബന്ധിച്ച ഗുണഭോക്തൃ രജിസ്റ്ററിൽ വസ്തു ഉടമയുടെ പേരും ചേർത്ത് സൂക്ഷിക്കണമെന്നുള്ളതാണ് നിർദ്ദേശം. എന്നാൽ വസ്തു ഉടമയിൽ നിന്നും സമ്മതപത്രം വാങ്ങി സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല. രജിസ്ട്രേഷൻ രേഖകളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താവിനു തന്നെ വസ്തുവിന്റെ വില നൽകിയിട്ടുള്ളതായി കാണുന്നു. ഇതു ക്രമപ്രകാരമല്ലെന്നു അഭിപ്രായപ്പെടുന്നു.

3. പല ആധാരങ്ങളിലും വസ്തു കൈമാറ്റം ചെയ്യുവാനോ പണയപ്പെടുത്തുവാനോ പാടില്ലെന്നു നിയമാനുസൃത അനന്തര അവകാശിക്കു അനന്തരാവകാശമായി അനുഭവിക്കാമെന്നുവ്യവസ്ഥ ചേർത്തു കാണുന്നില്ല.

**ഉദാഹരണം:**

1. ശ്രീ. ജയൻ.സി.എസ്, ചിങ്കല്ലേൽ വീട്, പാണത്തൂർ.പി.ഒ
2. ശ്രീമതി. രജിത, W/o ഉണ്ണികൃഷ്ണൻ, ചപ്പോത്ത് കോളനി
3. സജേഷ്. എം, ചയ്യോത്ത് കോളനി
4. ശ്രീ. ബിജേഷ്.എ.സി, അരയാർ പള്ളം
5. ശ്രീമതി. ശൈലജ, W/o സുരേഷ് , ചായ്യോത്ത്, ചക്ലിയ കോളനി
6. അനീഷ്.എസ്, S/o സുകുമാരൻ, കണ്ണാടിപ്പാറ
7. വിനിത.വി, W/o ബിജു തത്തിക്കോട് ബ്ലാൽ

| | | | | | | |
|---|---|---|---|---|---|---|
| | | വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിനു സമർപ്പിക്കേണ്ടതാണ്. മേൽ ന്യൂനതകൾ സംബന്ധിച്ചു വിശദീകരണം നൽകേണ്ടതും പദ്ധതി നടത്തിപ്പു സംബന്ധിച്ചു നിലവിലുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. | | | | |
| | | **ദുർബല വിഭാഗങ്ങളുടെ പുനഃരധിവാസ പദ്ധതി**<br>1. ഭവനനിർമ്മാണ ധനസഹായം<br>2013-14 വർഷം ഒരു ഗുണഭോക്താവിനു ഭവനനിർമ്മാണത്തിനു 3,50,000/- രൂപയും 2014-15 വർഷം ഒരു ഗുണഭോക്താവിനു ഭവനനിർമ്മാണത്തിനു 3,50,000/- രൂപയും 2016-17 വർഷം ഒരു ഗുണഭോക്താവിനു 3,50,000/- രൂപയും ഭവനനിർമ്മാണത്തിനു ധനസഹായം അനുവദിച്ചു. ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br>2017-18 വർഷം ഭവനനിർമ്മാണത്തിനു എട്ടു ഗുണഭോക്താക്കൾക്കു ഭവനനിർമ്മാണത്തിനു ധനസഹായം അനുവദിച്ചതിൽ രണ്ടു ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ആറു ഗുണഭോക്താക്കൾക്കു മൂന്നാം ഗഡുവരെ ധനസഹായം വിതരണം ചെയ്തിട്ടുമുണ്ട്. ഇതിലേക്ക് ആകെ 28,40,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിക്കുവാനുള്ളവർക്കു നിർദ്ദേശം നൽകി ഭവനനിർമ്മാണം പൂർത്തീകരിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിനു സമർപ്പിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്.<br>2. **ടോയ്‌ലറ്റ് നിർമ്മാണം**<br>2016-17 വർഷം 3 ഗുണഭോക്താക്കൾക്കു ധനസഹായം അനുവദിച്ചതിൽ ഒരാൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 വർഷം മൂന്ന് ഗുണഭോക്താക്കൾക്ക് ടോയ്‌ലറ്റ് നിർമ്മാണത്തിന് ധനസഹായം അനുവദിച്ചതിൽ മൂന്നു പേരും നിർമ്മാണം പൂർത്തീകരിച്ചു. ഇതിലേയ്ക്കു 1,25,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. | | | | |

പൊതുവിഭാഗം പദ്ധതിയുടെ അക്വിറ്റൻസിനോടൊപ്പം കൂട്ടികലർത്തിയാണ് ദുർബല വിഭാഗങ്ങൾക്കുള്ള പദ്ധതികളുടെ അക്വിറ്റൻസ് സൂക്ഷിച്ചിട്ടുള്ളത്.

ഇതു ക്രമപ്രകാരമല്ല. ഗുണഭോക്തൃ രജിസ്റ്ററിൽ റവന്യൂ സ്റ്റാമ്പ് പതിക്കാതെ തുക വിതരണം ചെയ്തതിനു വിശദീകരണം നൽകേണ്ടതാണ്. ദുർബലവിഭാഗങ്ങൾക്കുള്ള പദ്ധതികൾക്കായി പ്രത്യേകം ഗുണഭോക്തൃ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിനു സമർപ്പിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## ഭവനനിർമ്മാണ ധനസഹായം

ഭവനനിർമ്മാണ ധനസഹായ പദ്ധതിയുടെ നിലവിലുള്ള പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ആകെ അനുവദിച്ചത് | പൂർത്തീകരിച്ചത് | ബാക്കി | പൂർത്തീകരിക്കുന്നവയുടെ ഗഡുക്കൾ | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2011-12 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2012-13 | 5 | 5 | - | - | - | - |
| 2013-14 | 3 | 3 | - | - | - | - |
| 2014-15 | 11 | 11 | - | - | - | - |
| 2015-16 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2016-17 | 5 | 4 | 1 | - | - | 1 |
| 2017-18 | 13 | 4 | 9 | 1 | 3 | 5 |
| ആകെ | 37 | 27 | 10 | 1 | 3 | 6 |

| | | | | | | |
|---|---|---|---|---|---|---|
| | | അപേക്ഷകളുടെ പരിശോധന കണ്ടു ന്യൂനതകൾ വിശദീകരണത്തിനായി ചുവടെ ചേർക്കുന്നു.<br>1. 2017-18 വർഷം ശ്രീമതി.കെ.എൻ. പൊന്നമ്മ, കത്തിതോട്, ക്ലായിക്കോട്, പരപ്പ എന്നയാളിന്റെ വീടിനു ആറുവർഷത്തിൽ കൂടുതൽ പഴക്കമുള്ളതാണ് എന്നു മാത്രമാണ് കോടംബേളൂർ ഗ്രാമപഞ്ചായത്തു സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വീടു വാസയോഗ്യമല്ലെന്നുള്ള സർട്ടിഫിക്കറ്റൊന്നും തന്നെ വാങ്ങി സൂക്ഷിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പൊന്നമ്മയ്ക്കു ഭവനനിർമ്മാണത്തിനു ധനസഹായം അനുവദിക്കുവാനുണ്ടായ പ്രത്യേക സാഹചര്യം വ്യക്തമാക്കേണ്ടതാണ്.<br>2. 2017-18 ശ്രീ. അരുൺ കുമാർ. ഇ.കെ, എടാട്ടുകുന്നിൽ, ആനപ്പെട്ടി, വെള്ളരിക്കുണ്ട് എന്നയാളിന്റെ അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കറ്റായി വില്ലേജാഫീസറുടെ റിപ്പോർട്ട് മാത്രമാണുള്ളത്. തഹസീൽദാരിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ ധനസഹായം അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ശ്രീ. അരുൺ കുമാറിന്റെ ഫോട്ടോ രജിസ്റ്ററിലും അപേക്ഷയിലും പതിച്ചിട്ടില്ല. ന്യൂനത പരിഹരിച്ച് റിപ്പോർട്ടു ചെയ്യേണ്ടതാണ്.<br>ധനസഹായത്തിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ച വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്. വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. | | | | |
| | | **വിവാഹ ധനസഹായം**<br><br>പരിശോധനാ കാലയളവിൽ വിവാഹ ധനസഹായം വിതരണം ചെയ്തതിന്റെ വിരങ്ങൾ ചുവടെ ചേർക്കുന്നു. | | | | |

| വർഷം | അനുവദിച്ച എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2011-12 | 1 | 20,000 |
| 2012-13 | 5 | 1,00,000 |
| 2013-14 | 6 | 3,00,000 |
| 2014-15 | 5 | 2,50,000 |
| 2015-16 | 10 | 5,00,000 |
| 2016-17 | 5 | 2,50,000 |
| 2017-18 | 3 | 2,25,000 |

പദ്ധതിയുടെ ഫയലുകൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ സൂക്ഷിക്കുകയോ അനുമതി ഉത്തരവും ചേർത്തു സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. 2011-12 മുതൽ 2013-14 വരെ ഗുണഭോക്തൃ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. 2014-15 വർഷം മുതൽ ഗുണഭോക്തൃ രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും അപൂർണ്ണമാണ്. അപേക്ഷകരുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുക, ഫോട്ടോ പതിക്കുക, ബിൽ വിവരങ്ങൾ രേഖപ്പെടുത്തുക എന്നിവ ചെയ്തിട്ടില്ല. 2016-17 മുതൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പണം നൽകിയതിന്റെ ക്രഡിറ്റ് കൺഫർമേഷൻ ഡേറ്റാ രജിസ്റ്ററിൽ പതിച്ചു സൂക്ഷിച്ചിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റു സമർപ്പിച്ച വിവരം രജിസ്റ്ററിൽ ചേർത്തില്ല. മേൽ ന്യൂനതകൾ പരിഹരിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## മിശ്ര വിവാഹ ധനസഹായം

മിശ്ര വിവാഹ ധനസഹായ പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ ധനസഹായം വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | 1 | 50,000 |
| 2012-13 | 4 | 2,00,000 |
| 2013-14 | 1 | 50,000 |
| 2014-15 | 2 | 1,00,000 |
| 2015-16 | 0 | 0 |
| 2016-17 | 0 | 0 |
| 2017-18 | 1 | 75,000 |

2014-15 വർഷം ധനസഹായം അനുവദിച്ച ശ്രീ.സുനിത.എം.കെ, വാളാഷടി, തായന്നൂർ, കാലിപ്ലാനടുക്കം, ജോതിഷ ജോണി, വാളപ്പായി, കാലിയ്യനടുക്കം. പി.ഒ എന്നീ ദമ്പതികൾ കോഴിവളർത്തൽ കേന്ദ്രം തുടങ്ങുന്നതിന് 50,000/- രൂപ ധനസഹായം അനുവദിച്ചു. തുകയുടെ വിനിയോഗം സംബന്ധിച്ച വൗച്ചറുകൾ രസീതുകൾ ദമ്പതികൾ ലഭ്യമാക്കിയിട്ടില്ല. ടി ദമ്പതിമാരിൽനിന്നും കരാർ ഉടമ്പടി എഴുതി വാങ്ങിയിട്ടുള്ളതായും കാണുന്നില്ല. ഗുണഭോക്തൃ രജിസ്റ്ററും അനുമതി ഉത്തരവും അപേക്ഷകളും ക്രമമായി സൂക്ഷിച്ചിട്ടില്ല.ഗുണഭോക്താക്കളിൽ നിന്നും ധനസഹായം വിനിയോഗിച്ചതു സംബന്ധിച്ച രസീതുകൾ വാങ്ങി സൂക്ഷിച്ചതായും കാണുന്നില്ല. ആയത് സംബന്ധിച്ച വിശദീകരണം നൽകേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റു സമർപ്പിച്ചതു സംബന്ധിച്ച വിവരവും റിപ്പോർട്ടു ചെയ്യേണ്ടതാണ്.

**ചികിത്സാ ധനസഹായം**

പരിശോധനാ കാലയളവിൽ ചികിത്സാ ധനസഹായം വിതരണം ചെയ്ത തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ചു നൽകിയ തുക |
|---|---|---|
| 2011-12 | ഇല്ല | ഇല്ല |
| 2012-13 | ഇല്ല | ഇല്ല |
| 2013-14 | ഇല്ല | ഇല്ല |
| 2014-15 | 15 | 3,05,000 |
| 2015-16 | 24 | 4,38,000 |
| 2016-17 | 25 | 4,25,000 |
| 2017-18 | 26 | 4,25,000 |

2011-12, 2012-13, 2013-14 വർഷങ്ങളിലെ വിവരങ്ങൾ പരിശോധനയ്ക്കു ലഭിച്ചില്ല. ജില്ലാ പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെട്ട സാക്ഷ്യപത്രം സഹിതം ചെലവു വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

തുടർന്നുള്ള വർഷങ്ങളിലെ ഗുണഭോക്തൃ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

**ടോയ്‌ലറ്റ് നിർമ്മാണം**

ടോയ്‌ലറ്റ് നിർമ്മാണ പദ്ധതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2012-13 | 23 | 5,75,000 |
| 2013-14 | 21 | 5,25,000 |
| 2014-15 | 5 | 1,25,000 |

അനുവദിച്ച ടോയ്‌ലറ്റുകളെല്ലാം പൂർത്തീകരിച്ചിട്ടുള്ളതായി കാണുന്നു. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിനു സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**മെയിന്റനൻസ് ഗ്രാന്റ്**

മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കും പ്രകാരമാണ്.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | 4 | 2,00,000 |
| 2015-16 | 3 | 1,50,000 |
| 2016-17 | 2 | 1,00,000 |

പദ്ധതിയുടെ സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള ഗുണഭോക്തൃ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്. അപേക്ഷയോടൊപ്പം എസ്റ്റിമേറ്റും വാല്യുവേഷൻ സർട്ടിഫിക്കറ്റും സൂക്ഷിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിനു സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**സ്വയംതൊഴിൽ പദ്ധതി**

2014-15 വർഷം ശ്രീ. അനിൽ.സി, S/o ചന്ദ്രൻ ഏഴോത്ത്, ചിറ്റാരിക്കൽ എന്ന ആളിനു ഇന്റർനെറ്റ് കഫേ ആരംഭിക്കുന്നതിന് എസ്.ബി.റ്റി കടുമേനി ബ്രാഞ്ച്

| | | | | | |
|---|---|---|---|---|---|
| | | 2,00,000/- രൂപ വായ്പ അനുവദിച്ചിരുന്നു. 1995/14 തീയതി 13.11.2014 നമ്പർ ഉത്തരവ് പ്രകാരം 66,000/- രൂപ സബ്സിഡി അനുവദിച്ചതായി കാണുന്നു. ഫയൽ പരിശോധനയ്ക്കു ലഭിച്ചില്ല. സബ്സിഡി തുക നൽകിയ ബാങ്കിന്റെ കൈപ്പറ്റു രസീതു ലഭിച്ചില്ല. സബ്സിഡി തുക നൽകിയതു സംബന്ധിച്ച വിവരങ്ങൾ , സ്ഥാപനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി, ബാങ്കുമായി ബന്ധപ്പെട്ട വായ്പാ തിരിച്ചടവിന്റെ സ്ഥിതി എന്നിവ റിപ്പോർട്ടു ചെയ്യേണ്ടതാണ്. | | | |
| | | **<u>വിദേശ തൊഴിൽ ധനസഹായ പദ്ധതി</u>**<br>2015-16 വർഷം ഒരു ഗുണഭോക്താവിനു ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 05.01.2016 ലെ എസ്-3-4060/15 നമ്പർ ഉത്തരവു പ്രകാരം ധനസഹായത്തിന്റെ ഒന്നാം ഗഡു തുകയായി 30,000/- രൂപ അനുവദിച്ചു നൽകിയതായി കാണുന്നു. ധനസഹായം അനുവദിച്ച ശ്രീ. അരുൺ കുമാർ, വേലൻ പറമ്പിൽ, താന്നൂർ.പി.ഒ, എണ്ണപ്പാറ എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം വച്ചിരിക്കുന്നതു ടിയാന്റെ മാതാവു ശ്രീമതി. ശാന്തയുടെ വരുമാന സർട്ടിഫിക്കറ്റാണ്. (സർട്ടിഫിക്കറ്റ് നമ്പർ 14910472 തീയതി.04.11.2015 വില്ലേജാഫീസർ, കാസർഗോഡ്) അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രീ. അരുൺ കുമാർ വിദേശത്തു ജോലിയിലായിരുന്നു എന്നു കാണുന്നു. വിദേശത്ത് തൊഴിൽ തേടുന്നതിനാണു ധനസഹായം നൽകുന്നത് എന്നിരിക്കെ വിദേശത്ത് തൊഴിൽ ചെയ്യുന്ന ആളിനു ധനസഹായം അനുവദിച്ചതു ക്രമ പ്രകാരമല്ലെന്നു അഭിപ്രായപ്പെടുന്നു.<br>കാസർഗോഡ് ജില്ലാ പട്ടികജാതി വികസന ആഫീസർ അദ്ദേഹത്തിന്റെ 21.10.2017 ലെ എസ്-3-4060/2015 നമ്പർ കത്തിൽ ശ്രീ. അരുൺ കുമാറിൽ നിന്നും ടിയാന്റെ ശമ്പള നിരക്ക് രേഖപ്പെടുത്തിയ തൊഴിൽ കരാർ പത്രവും തൊഴിൽ കരാർ പത്രം പ്രകാരം ടിയാൻ ജോലിയിൽ പ്രവേശിച്ചുവോ എന്നും അന്വേഷിച്ചു റിപ്പോർട്ടു നൽകണമെന്നു നിർദ്ദേശിച്ചിരുന്നു. എന്നാൽ ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. | | | |

മേൽ സൂചനകൾ സംബന്ധിച്ച വിശദീകരണം നൽകേണ്ടതാണ്. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തുക കൈപ്പറ്റുന്നതിനു ഗുണഭോക്താവിനു നിർദ്ദേശം നൽകേണ്ടതും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

പദ്ധതി സംബന്ധിച്ചു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പണം നൽകിയതു സംബന്ധിച്ച ബില്ലിന്റെ ഓഫീസ് കോപ്പി പരിശോധനയ്ക്കു ലഭിച്ചില്ല. വിശദീകരണം നൽകേണ്ടതാണ്.

## പഠനമുറി നിർമ്മാണം(2017-18)

ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 19.09.2018 ലെ എസ് 3-1758/17 ഉത്തരവു പ്രകാരം മുറി നിർമ്മിക്കുന്നതിനു ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക | പൂർത്തീകരിച്ചത് | പൂർത്തീകരിക്കുവാനുള്ള ഗഡുക്കൾ | | | |
|---|---|---|---|---|---|---|
| | | | ബാക്കി | I | II | III |
| 2017-18 | 9 | 5 | 4 | 0 | 0 | 4 |

ഇതിലേയ്ക്കു 16,80,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. അപേക്ഷകളുടെ പരിശോധനയിൽ കണ്ട ന്യൂനതകൾ വിശദീകരണത്തിനും ന്യൂനതാപരിഹരണത്തിനുമായി ചുവടെ ചേർക്കുന്നു.

1. ശ്രീ. വി.കെ. രാജൻ, വേലൻ പറമ്പിൽ, തായന്നൂർ.പി.ഒ എന്നയാളിന്റെ അപേക്ഷയോടൊപ്പം വിദ്യാർത്ഥിയുടെ ജാതി സർട്ടിഫിക്കറ്റ്, വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ്, വസ്തുവിന്റെ ഉടമസ്ഥാവകാശം, വീടിന്റെ വിസ്തീർണ്ണം ഇവ വാങ്ങി സൂക്ഷിച്ചിട്ടില്ല.

| | | | | | | |
|---|---|---|---|---|---|---|
| | | 2. ശ്രീ.ബിന്ദു.ബി, S/o എ.ഭാസ്കരൻ, ജയഭവനം, ചെറുമ്പകോട് എന്ന അപേക്ഷകന്റെ ഫോട്ടോയും വാങ്ങി രജിസ്റ്ററിൽ പതിച്ചിട്ടില്ല.<br>3. ശ്രീ. വിജയൻ.എ.വി, താന്നൂർ വീട്, കൊല്ലാട അപേക്ഷകന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഗ്രാമ പഞ്ചായത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ലെന്നുള്ള സർട്ടിഫിക്കറ്റ്.<br>4. ശ്രീമതി. രതി.കെ.വി, കുമ്പിച്ചെടുക്കം, പറണ്ടായി എന്ന അപേക്ഷകന്റെ മകൻ മഞ്ചുനാഥ്കെ.വി എന്ന വിദ്യാർത്ഥിക്കു പഠനമുറി നിർമ്മിക്കുന്നതിന് 2,00,000/- രൂപയുടെ ധനസഹായം അനുവദിക്കുകയും തുക പൂർണ്ണമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അപേക്ഷയോടൊപ്പമുള്ള ദുർഗ്ഗ ഹയർ സെക്കന്ററി സ്കൂൾ കണാടിന്റെ 19.07.2017 ലെ സർട്ടിഫിക്കറ്റു പ്രകാരം മഞ്ചുനാഥ് +1 വിദ്യാർത്ഥിയാണ്. ഈ സർട്ടിഫിക്കറ്റിൽ പ്രിൻസിപ്പൽ ഒപ്പു വയ്ക്കുകയോ, സീൽ പതിയ്ക്കുകയോ ചെയ്തിട്ടില്ല. ധനസഹായം അനുവദിക്കാനുണ്ടായ പ്രത്യേക സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ഈ അപേക്ഷയുടേയും, വിദ്യാർത്ഥിയുടേയും വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടുമില്ല. വിശദീകരണം നൽകേണ്ടതാണ്.<br><br>ഗുണഭോക്തൃ രജിസ്റ്ററിൽ പരിപാലിച്ചിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. എല്ലാവരുടേയും കരാർ ഉടമ്പടി എഴുതി ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക നൽകിയതിന്റെ ക്രെഡിറ്റ് കൺഫർമേഷൻ ഡേറ്റായുടെ പകർപ്പ് സാക്ഷ്യപ്പെടുത്തി രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. പൂർത്തീകരിക്കാത്തവ പൂർത്തീകരിക്കുന്നതിനു നിർദ്ദേശം നൽകേണ്ടതും പുരോഗതി വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | **വാൽസല്യനിധി**<br>3 അപേക്ഷകൾ ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട്. തുടർ നടപടികൾക്കു നിർദ്ദേശം ലഭിച്ചിട്ടില്ല.വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്. | | | | |
| | | **വിഞ്ജാൻവാടി**<br>ഒന്നാം ഘട്ടത്തിൽ കിനാർ കരിന്തളം പഞ്ചായത്തിലെ ചായോത്ത് ചക്ലിയ കോളനിയിൽ നിലവിലുണ്ടായിരുന്ന കമ്മ്യൂണിറ്റി ഹാളിൽ വിഞ്ജാൻവാടി സ്ഥാപിച്ചിരുന്നു. ആയതിന്റെ ആവർത്തന ചെലവുകൾക്കായി 2014-15 ൽ 14,639/- രൂപയും 2015-16 ൽ 30,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിനു സമർപ്പിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്. | | | | |
| | | **അംബേദ്കർ ഗ്രാമവികസന പദ്ധതി**<br>2016-17 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പ്ദ്ധതിപ്രകാരം കിനാന്നൂർ-കരിന്തളം ഗ്രാമ പഞ്ചായത്തിലെ ചായോത്ത് ചക്ലിയ കോളനി തെരെഞ്ഞെടുത്തിരുന്നു. നിർമ്മാണപ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവർത്തി പുരോഗതിയിലാണ്. നടപടികൾ ത്വരിതപ്പെടുത്തേണ്ടതും വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. | | | | |
| | | **സൈക്കിൾ വിതരണം (2011-12)**<br>കാസർഗോഡ് ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 19.12.2011 ലെ എസ്.4 -3128/2011 ഉത്തരവു പ്രകാരം VIII -ാം ക്ലാസ്സിൽ പഠിക്കുന്ന ബ്ലോക്ക് പരിധിയിലുള്ള 10 സ്കൂളുകളിലെ 21 വിദ്യാർത്ഥികൾക്കു സൈക്കിൾ വാങ്ങുന്നതിന് 63,000/- രൂപ ചെലവഴിച്ചു. സൈക്കിൾ വാങ്ങിയ ഈ കുട്ടികളുടെ പേരിലുള്ള ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കുട്ടികൾ സൈക്കിൾ വാങ്ങിയതു സംബന്ധിച്ച സ്ഥാപന മേധാവികളുടെ സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിനു സമർപ്പിച്ചു റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. | | | | |

| | | | | | | |
|---|---|---|---|---|---|---|
| | IV | **രജിസ്റ്ററുകൾ**<br>**1. ഫർണിച്ചർ രജിസ്റ്റർ**<br>നിലവിൽ, എല്ലാ ഉപകരണങ്ങളും (ജില്ലാ ആഫീസ് മുഖേന ലഭിച്ചതും ബ്ലോക്ക് പഞ്ചായത്ത് മുഖേന ലഭിച്ചതും) ഉൾപ്പെടെ സ്റ്റോക്ക് രജിസ്റ്റർ എന്ന പേരിൽ ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചു വരുന്നു.<br>ഫർണിച്ചറുകൾക്കും ഇലക്ട്രിക് ആന്റ് ഇലക്ട്രോണിക് ഉപകരണങ്ങൾക്കും പ്രത്യേകം രജിസ്റ്ററുകൾ നിർദ്ദിഷ്ഠ മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും വാർഷിക ഭൗതിക പരിശോധന നടത്തി ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.<br>**2. സ്റ്റാമ്പ് അക്കൗണ്ടന്റ് കം ഡെസ്പാച്ച് രജിസ്റ്റർ**<br>രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. ദ്വൈവാര ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തി ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. 31.03.2018 ൽ 1210/- രൂപയുടെ തപാൽ സ്റ്റാമ്പു നീക്കി ബാക്കി ഉണ്ടായിരുന്നു. പരിശോധനാ ദിവസം (14.09.2018) 1175/- രൂപയുടെ സ്റ്റാമ്പു നീക്കി ബാക്കി ഉണ്ട്. മറ്റു പരാമർശങ്ങൾ ഇല്ല. | | | | |
| | | **പേബിൽ രജിസ്റ്റർ**<br>പരിശോധനാ കാലയളവിൽ പേബിൽ രജിസ്റ്റർ ക്രമമായി പരിപാലിച്ചിട്ടില്ല. രജിസ്റ്റർ പരിപാലിക്കാതിരുന്നതു സംബന്ധിച്ച് കൃത്യമായി വിശദീകരണം നൽകേണ്ടതാണ്. | | | | |
| | | **കണ്ടിജന്റ് ബിൽസ് രജിസ്റ്റർ**<br>2011-12, 2012-13,2013-14 വർഷങ്ങളിൽ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ടെങ്കിലും തുടർന്ന് പരിപാലിച്ചിട്ടില്ല. രജിസ്റ്റർ പരിപാലിക്കുവാൻ നടപടി സ്വീകരിക്കേണ്ടതും രജിസ്റ്റർ സൂക്ഷിക്കാതിരുന്നതിന്റെ വിശദീകരണം നൽകേണ്ടതാണ്. | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | **ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ**<br>സ്ഥാപനത്തിൽ ഓഡിറ്റുകളൊന്നും തന്നെ നടന്നിട്ടില്ലാത്തതിനാൽ നിലവിൽ ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിപാലിച്ചിട്ടില്ല.. ഭാവിയിൽ ഓഡിറ്റ് ഒബ്ജക്ഷൻ തയ്യാറാക്കി സൂക്ഷിക്കണമെന്ന് നിർദ്ദേശിക്കുന്നു. | | | | |
| | | **ഇൻകംബൻസ് രജിസ്റ്റർ**<br>നിലവിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തയ്യാറാക്കി സൂക്ഷിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. | | | | |
| | | **പ്രൊമോട്ടേഴ്സ് വർക്ക് ഡയറി**<br>വർക്ക് ഡയറി സൂക്ഷിക്കുന്നുണ്ട്. ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ പരിശോധിച്ചു അഭിപ്രായം രേഖപ്പെടുത്തി കാണുന്നില്ല. ഫീൽഡു വർക്കിന്റെ വിശദമായ വിവരവും രേഖപ്പെടുത്തുന്നില്ല. ഫീൽഡുവർക്കിന്റെ വിശദ വിവരങ്ങൾ ചേർത്തു വർക്കു ഡയറി തയ്യാറാക്കേണ്ടതും ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ പരിശോധിച്ചു അഭിപ്രായം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. | | | | |
| | V | **വിദ്യാഭ്യാസ പദ്ധതികൾ**<br>പരപ്പ ബ്ലോക്ക് പരിധിയിൽ നഴ്സറി സ്കൂൾ 1 ,എൽ.പി. സ്കൂൾ 12, യു.പി. സ്കൂൾ 13, ഹൈസ്കൂൾ 20 എന്നിങ്ങനെ ആകെ 46 സ്കൂളുകൾ ഉണ്ട്. ടി സ്കൂളുകളിൽ പരിശോധനാ കാലയളവിൽ ലംപ്സംഗ്രാന്റ് വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. | | | | |

| വർഷം | പട്ടികജാതി വിഭാഗം | | മറ്റർഹ വിഭാഗം | |
|---|---|---|---|---|
| | കുട്ടികളുടെ എണ്ണം | തുക | കുട്ടികളുടെ എണ്ണം | തുക |
| 2011-12 | 0 | 0 | 0 | 0 |
| 2012-13 | 498 | 1,27,950 | - | 1,41,450 |
| 2013-14 | 502 | 1,29,200 | - | 1,36,000 |
| 2014-15 | 503 | 81,000 | - | |
| 2015-16 | 269 | 1,34,050 | - | |
| 2016-17 | - | 3,256 | - | |
| 2017-18 | | 1,71,980 | - | |

2013-14 വർഷം മുതൽ ലംപ്സം ഗ്രാന്റ് ഓഡിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചു വരുന്നുണ്ടെങ്കിലും രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. സ്കൂളുകളിൽ നിന്നും ലഭിക്കുന്ന അക്വിറ്റൻസുകൾ യഥാക്രമം രജിസ്റ്ററിൽരേഖപ്പെടുത്തുന്നില്ല. സ്കൂൾ മേധാവികൾ ഹാജരാക്കുന്ന ചലാൻ രസീതടക്കം പരിശോധിച്ച് കണക്കുകൾ ക്രമപ്പെടുത്തി രജിസ്റ്ററിൽ രേഖപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിലുള്ള പുരോഗതി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

**ശ്രീ അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കീം**

ശ്രീ അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കീം പ്രകാരം ധനസഹായം വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | | ആകെ | തുക |
|---|---|---|---|---|
| | പുതുക്കൽ | പുതിയത് | | |
| 2011-12 | - | 4 | 4 | 18,000 |
| 2012-13 | 2 | - | 2 | 9,000 |
| 2013-14 | 2 | - | 2 | 9,000 |
| 2014-15 | 2 | 1 | 3 | 13,500 |
| 2015-16 | 2 | 2 | 4 | 18,000 |
| 2016-17 | - | 4 | 4 | 18,000 |
| 2017-18 | 4 | - | 4 | 18,000 |

പദ്ധതിയുടെ നടത്തിപ്പ് തൃപ്തികരമല്ലെന്നഭിപ്രായപ്പെടുന്നു. മുൻ വർഷങ്ങളിൽ ധനസഹായം അനുവദിക്കുന്നവരിൽ 50% വിദ്യാർത്ഥികൾ മാത്രമാണ് ആനുകൂല്യം പുതുക്കി വാങ്ങുന്നത്. പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനങ്ങളുടെ മേധാവികളേയും രക്ഷാകർത്താക്കളേയും സഹകരിപ്പിച്ച് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. പരിശോധനാ കാലയളവിലെ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിനു സമർപ്പിച്ചതു സംബന്ധിച്ച വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

**വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്**

ടി പദ്ധതി പ്രകാരം 2011-12 വർഷം 49 വിദ്യാർത്ഥികൾക്കു 76,030/- രൂപയും 2012-13 വർഷം 35 വിദ്യാർത്ഥികൾക്കു 17,550/- രൂപയും വിതരണം ചെയ്തതായി കാണുന്നു. തുടർന്നുള്ള വർഷങ്ങളിൽ ടി ധനസഹായം വിതരണം ചെയ്യാതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

**പ്രൈമറി എയ്ഡ്**

സർക്കാർ എയ്ഡഡ് സ്കൂളുകളിൽ I മുതൽ IV വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കു 2000/- രൂപ നിരക്കിൽ ധനസഹായം നൽകുന്ന പ്രീമെട്രിക് എയ്ഡ് പദ്ധതി പ്രകാരം തുക വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | 94 | 1,88,000 |
| 2015-16 | 83 | 1,66,000 |
| 2016-17 | 82 | 1,64,000 |
| 2017-18 | 86 | 1,72,000 |

പ്രത്യേകം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റു അക്കൗണ്ടന്റ് ജനറലിനു സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**സെക്കന്ററി എയ്ഡ് (2017-18)**

V -ാം ക്ലാസ്സ് മുതൽ VIII -ാം ക്ലാസ്സ് വരെ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കു 2000/- രൂപ നിരക്കിൽ ധനസഹായം വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 2017-18 വർഷം 102 വിദ്യാർത്ഥികൾക്കു 2,04,000/- രൂപ വിതരണം ചെയ്തു. എല്ലാ സ്കൂളുകളിൽ നിന്നും അക്വിറ്റൻസ് ലഭ്യമാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ധനസഹായം**

പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ധനസഹായം വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പട്ടികജാതി വിഭാഗം | | മറ്റർഹ വിഭാഗം | |
|---|---|---|---|---|
| | കുട്ടികളുടെ എണ്ണം | തുക | എണ്ണം | തുക |
| 2011-12 | 4 | 24,250 | 4 | 24,250 |
| 2012-13 | 0 | 0 | 2 | 12,130 |
| 2013-14 | 3 | 36,875 | 3 | 24,975 |
| 2014-15 | 1 | 8,285 | 1 | 8,235 |
| 2015-16 | 0 | 0 | 0 | 0 |
| 2016-17 | 0 | 0 | 14 | 1,06,318 |
| 2017-18 | 0 | 0 | 0 | 0 |

രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിനു സമർപ്പിച്ചു റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

## പ്രത്യേക പ്രോത്സാഹന സമ്മാനം

മെച്ചപ്പെട്ട വിജയം നേടുന്ന വിദ്യാർത്ഥികൾക്കു പ്രോത്സാഹന സമ്മാനം നൽകുന്ന പദ്ധതി പ്രകാരം പരിശോധന കാലയളവിൽ നടപ്പാക്കിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം | തുക |
|---|---|---|
| 2011-12 | 0 | 0 |
| 2012-13 | 0 | 0 |
| 2013-14 | 0 | 0 |
| 2014-15 | 3 | 11,000 |
| 2015-16 | 6 | 14,000 |
| 2016-17 | 3 | 10,000 |
| 2017-18 | 9 | 7,500 |

ഗുണഭോക്തൃ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിനു സമർപ്പിച്ചു വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

VI

## മറ്റു വിഷയങ്ങൾ

### നഴ്സറി സ്കൂളുകൾ

പരപ്പ് ബ്ലോക്ക് പരിധിയിൽ മൂന്ന് നഴ്സറി സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു.

1. പനത്തടി ഗവ. മോഡൽ നഴ്സറി സ്കൂൾ
2. പറമ്പ ഗവ.മോഡൽ നഴ്സറി സ്കൂൾ
3. മൗവ്വേനി ഗവ.മോഡൽ നഴ്സറി സ്കൂൾ

പനത്തടി ഗവ. മോഡൽ നഴ്സറി സ്കൂളിൽ നടപ്പു വർഷം 17 കുട്ടികൾ പഠനം നടത്തുന്നു. ഇതിൽ 2 കുട്ടികൾ പട്ടികജാതി വിഭാഗത്തിലും 11 കുട്ടികൾ പട്ടികവർഗ്ഗ വിഭാഗത്തിലും 4 കുട്ടികൾ പൊതു വിഭാഗത്തിലും പെടുന്നവരാണ്.

| | | | | | |
|---|---|---|---|---|---|
| | | പറമ്പ ഗവ.മോഡൽ നഴ്സറി സ്കൂളിൽ നടപ്പു വർഷം 18 കുട്ടികൾ പഠനം നടത്തുന്നു. ഇതിൽ 16 കുട്ടികൾ പട്ടികവർഗ്ഗ വിഭാഗത്തിലും 2 കുട്ടികൾ പൊതു വിഭാഗത്തിലും പെടുന്നവരാണ്.<br>, മൗവ്വേനി ഗവ.മോഡൽ നഴ്സറി സ്കൂളിൽ ആകെ 16 കുട്ടികൾ പഠിക്കുന്നതിൽ 12 പേർ പട്ടിക വർഗ്ഗ വിഭാഗക്കാരും 4 പേർ പൊതു വിഭാഗത്തിൽ പെടുന്നവരുമാണ്.<br>പനത്തടി ഗവ.മോഡൽ നഴ്സറി സ്കൂളിൽ ഒരു ഫുൾ ടൈം നഴ്സറി സ്കൂൾ ടീച്ചറും ഫുൾടൈം ആയയും ജോലി ചെയ്യുന്നു. പറമ്പ ഗവ.മോഡൽ നഴ്സറി സ്കൂൾ, മൗവ്വേനി ഗവ.മോഡൽ നഴ്സറി സ്കൂൾ എന്നിവിടങ്ങളിൽ ഒന്നു വീതം പാർട്ട് ടൈം ടീച്ചറും പാർട്ട് ടൈം ആയയും ജോലി ചെയ്യുന്നു. ശമ്പളം ഇനത്തിലുള്ള ചെലവും, ഭക്ഷണം മറ്റുചിലവുകൾ എല്ലാം തന്നെ വകുപ്പിൽ നിന്നുമാണ് വഹിക്കുന്നത്.<br>മൂന്ന് സ്കൂളുകളിലുമായി പഠിക്കുന്ന 51 കുട്ടികളിൽ 2 കുട്ടികൾ മാത്രമാണ് പട്ടികജാതിക്കാരായിട്ടുള്ളത്. ഈക്കാര്യത്തിൽ ജില്ലാ പട്ടിക ജാതി വികസന ആഫീസറിൽ നിന്നും റിപ്പോർട്ട് തേടാവുന്നതും ഈ സ്കൂളുകളുടെ പ്രവർത്തനം വകുപ്പിന്റെ കീഴിൽ തുടരേണ്ടതുണ്ടോ എന്നുള്ള കാര്യം വകുപ്പ് തലത്തിൽ പരിശോധിക്കേണ്ടതുമാണ്. | | | |
| | | **STSB അക്കൗണ്ടുകൾ**<br>**1. 72005140000008 സബ്ട്രഷറി വെള്ളരിക്കുണ്ട്**<br>ചികിത്സാ ധനസഹായ പദ്ധതി പ്രകാരം അനുവദിക്കുന്ന തുക ഗുണഭോക്താക്കൾക്കു വിതരണം ചെയ്യുന്നതിനു ആരംഭിച്ച അക്കൗണ്ടാണിത്. 25.08.2015 മുതൽ അക്കൗണ്ട് മുഖേന ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ 10,000/- രൂപ നീക്കിബാക്കി ഉണ്ട്. | | | |

| | | | | | |
|---|---|---|---|---|---|
| | 5000/- രൂപയിൽ കൂടുതലുള്ള തുകയുടെ ചെക്കു നൽകുമ്പോൾ റവന്യൂ സ്റ്റാമ്പ് പതിയ്ക്കണമെന്ന വ്യവസ്ഥ പാലിച്ചു കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.<br>1. സജേഷ്.എം, ചക്ലിയ കോളനി, ചയ്യോത്ത്.പി.ഒ എന്ന ആളിനു GJ .0620650 പ്രകാരം 16.09.15 ൽ 10,000/- രൂപ നൽകിയതായി കാണുന്നു. ചെക്കിന്റെ കൗണ്ടർ ഫോയിലിൽ നാരായണി, W/o അശോകൻ, ചക്ലിയ കോളനി, ചായ്യോത്ത് എന്ന ആളിനു ചെക്കു വിതരണം ചെയ്തെന്നു രേഖപ്പെടുത്തിയിരിക്കുന്നു. വിശദീകരണം നൽകേണ്ടതാണ്.<br>2. ശ്രീമതി. സി.ശാലിനി, ചായ്യോത്ത്, ചക്ലിയ കോളനി എന്ന ഗുണഭോക്താവിനു 30,000/- രൂപ 23.03.2016 ൽ നൽകിയതായി കാണുന്നു. ബില്ലിന്റെ വിവരമോ ചെക്കിന്റെ വിവരമോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഏതു പ്രകാരം തുക വിതരണം ചെയ്തതെന്നു വിശദീകരിക്കേണ്ടതാണ്.<br>3. ചെക്കു നമ്പർ SB/GJ 4443510 പ്രകാരം 13.04.2017 ൽ 10,000/- രൂപ ശ്രീമതി. ജയശ്രീയ്ക്കു വിതരണം ചെയ്തതായി ചെക്കിന്റെ കൗണ്ടർ ഫോയിലിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ അക്വിറ്റൻസോ, രസീതോ പരിശോധനയ്ക്കു ലഭിച്ചിട്ടില്ല. എപ്രകാരമാണു തുക വിതരണം ചെയ്തതെന്നു വിശദീകരിക്കേണ്ടതാണ്.<br>4. ശ്രീമതി. സിന്ധു.എൽ, W/o ബിജു.സി,പാർവ്വതി നിലയം, ചക്ലിയ കോളനി SB/GJ 4443511 തീയതി 27.12.17 പ്രകാരം വിതരണം ചെയ്തതായി ചെക്കിന്റെ കൗണ്ടർ ഫോയിലിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ രജിസ്റ്ററിൽ ചേർത്തിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്. | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | ചെക്കുകളുടെ കൗണ്ടർ ഫോയിലുകളും രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br><br>**2. STSB അക്കൗണ്ട് നമ്പർ 72005140000102 സബ്ട്രഷറി വെള്ളരിക്കുണ്ട്**<br>വിവിധ പദ്ധതികളുടെ ധനസഹായം വിതരണം ചെയ്യുന്നതിനു 12.08.16 ൽ ആരംഭിച്ച അക്കൗണ്ടിൽ 10.11.16 മുതൽ ഇടപാടുകൾ നടത്തി വരുന്നു. നിലവിൽ അക്കൗണ്ടിൽ 33,406/- രൂപ നീക്കി ബാക്കി ഉണ്ട്. ചെക്കു ഇഷ്യൂ രജിസ്റ്റർ, സബ്സിഡിയറി ക്യാഷ്‌രജിസ്റ്റർ എന്നിവ ഒന്നും തന്നെ പരിപാലിച്ചിട്ടില്ല. നീക്കിബാക്കി തുക ഏതിനത്തിലുള്ളതാണെന്നു വ്യക്തമല്ല. ചെക്കിന്റെ കൗണ്ടർ ഫോയിലിൽ കൈപ്പറ്റുന്ന ആളും ബ്ലോക്ക് പട്ടികജാതി വികസന ആഫീസറും ഒപ്പുവച്ചിട്ടില്ല.<br>ഈ അക്കൗണ്ടിലെ വരവു തുകയുടെ വിവരവും ചെലവു തുകയുടെ വിവരവും കൈപ്പറ്റിയ ആളിന്റെ പേര്, ധനസഹായ ഇനം, ചെക്കുനമ്പർ എന്നിവ ചേർത്തു ചെക്ക് ഇഷ്യൂ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും അടുത്ത ആഡിറ്റിനു ഹാജരാക്കേണ്ടതുമാണ്. | | | | |
| | VII | **പൊതു അഭിപ്രായം**<br>പരപ്പ ബ്ലോക്ക് പട്ടികജാതി വികസന ആഫീസിന്റെ പ്രവർത്തനത്തിനു വ്യത്തി , സ്ഥലസൗകര്യം എന്നിവ ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. വകുപ്പിന്റെ പദ്ധതികളെല്ലാം സാമ്പത്തിക വർഷാടിസ്ഥാനത്തിലാണു നടപ്പിലാക്കുന്നത്. ആയതിനാൽ ഫയലുകൾ, അപേക്ഷകൾ, രജിസ്റ്ററുകൾ, ബില്ലുകളുടെ ആഫീസ് പകർപ്പ് എന്നിവ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. | | | | |

(ഒപ്പ്/-)
ഡയറക്ടർക്കുവേണ്ടി

സീനിയർ ഫിനാൻസ് ഓഫീസർ

എസ്.ജി. 13.11.2018